(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസുകളാണ് ഇത്തരത്തിൽ മാറ്റിയിട്ടുള്ളത് ;

(സി) അവ നിർത്തലാക്കാനുള്ള കാരണം വിശദീകരിക്കാമോ ;

(ഡി) നിർത്തലാക്കിയ റവന്യൂ ഓഫീസുകൾ മഞ്ചേരിയിൽ തന്നെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ഒരു ഓഫീസ് സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) മഞ്ചേരി റവന്യൂ റിക്കവറി തഹസിൽദാരുടെ ഓഫീസ് 31-3-2003-ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 810/2003/ആർ. സി. പ്രകാരം എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി താലൂക്കിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുണ്ട്.

(സി) മഞ്ചേരി ആർ. ആർ. യൂണിറ്റിൽ ആർ. ആർ. കേസുകൾ കുറവായതിനാലും കൊച്ചിയിൽ കൂടുതൽ ആർ. ആർ. കേസുകൾ ഉള്ളതിനാലുമാണ് യൂണിറ്റിന്റെ പ്രവർത്തനം കൊച്ചിയിലേയ്ക്ക് മാറ്റിയിട്ടുള്ളത്.

(ഡി) സാദ്ധ്യതയില്ല.

കിഴക്കും ഭാഗം വില്ലേജിന്റെ പുനർനാമകരണം

17 (2775) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കാഞ്ഞൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന 'കിഴക്കും ഭാഗം' വില്ലേജിന്റെ പേര് 'കാഞ്ഞൂർ' വില്ലേജ് എന്നാക്കി മാറ്റുന്ന നടപടി പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുനഃനാമകരണം ചെയ്ത് എന്നത്തേക്ക് ഉത്തരവാകും എന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വില്ലേജ് പുനഃനാമകരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കിഴക്കുംഭാഗം വില്ലേജിന്റെ പേര് "കാഞ്ഞൂർ" വില്ലേജ് എന്ന് പുനഃനാമകരണം ചെയ്യണമെന്നാവശ്യപ്പെട്ട് കാഞ്ഞൂർ പഞ്ചായത്ത് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

അങ്കമാലി താലൂക്ക് രൂപവത്ക്കരണം

18 (2776) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലുവ താലൂക്ക് വിഭജിച്ച് അങ്കമാലി താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly